കടൽക്ഷോഭം

94 [276] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :*

„ *ടി. പി. രാമകൃഷ്ണൻ :*

„ *മഞ്ഞളാംകുഴി അലി :*

„ *വി. കെ. സി. മമ്മത് കോയ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങൾ കടൽക്ഷോഭംമൂലം പരിഭ്രാന്തിയിലും ദുരിതത്തിലും അകപ്പെട്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദുരിതബാധിത തീരപ്രദേശങ്ങളിൽനിന്നും താത്കാലിക ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കേണ്ടിവന്ന കുടുംബങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; താത്കാലിക ക്യാമ്പുകളിൽ മൊത്തം എത്ര ആളുകൾ കഴിയുന്നു;

(സി) സുനാമിക്ക് ശേഷം മത്സ്യലഭ്യതയിൽ കുറവുണ്ടായതിനെത്തുടർന്ന് ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇപ്പോഴത്തെ കടൽക്ഷോഭം കൂടി ആയപ്പോൾ പട്ടിണിയിലാണെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) സുനാമിയെ തുടർന്ന് താത്കാലിക ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങളെ ഇതിനകം പുനരധിവസിപ്പിക്കുകയുണ്ടായി?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സുനാമിക്കുശേഷം മത്സ്യലഭ്യതയിൽ കാര്യമായ കുറവു വന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ വിഹിതം പഞ്ചമാസങ്ങളിൽ കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മത്സ്യബന്ധന ബോട്ടുകൾക്ക് ആവശ്യമുള്ള ഇന്ധനം

95 [277] *ശ്രീ. സി. പി. മുഹമ്മദ് :*

„ *കെ. ബാബു :*

„ *ടി. എൻ. പ്രതാപൻ :*

„ *എ. സുജനപാൽ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് ഒരുമാസം മത്സ്യബന്ധനം നടത്തുന്നതിന് എത്ര ലിറ്റർ മണ്ണെണ്ണ/ഡീസൽ ആവശ്യമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ലിറ്റർ മണ്ണെണ്ണ/ഡീസൽ നിയന്ത്രിതവിലയ്ക്ക് ഇവർക്ക് നൽകി വരുന്നു?

ഉത്തരം

(എ) കേരളത്തിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾക്ക് ഏകദേശം 24,000 കിലോ ലിറ്റർ ഡീസലും ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് ഏകദേശം 13770 കിലോ ലിറ്റർ മണ്ണെണ്ണയും ആവശ്യമായി വരും.

(ബി) നിയന്ത്രിത വിലയ്ക്ക് ഡീസൽ ഇപ്പോൾ നൽകുന്നില്ല. എന്നാൽ 2500 കിലോ ലിറ്റർ മണ്ണെണ്ണ ഔട്ട് ബോർഡ് എഞ്ചിനുകളുടെ പ്രവർത്തനത്തിനായി നിയന്ത്രിത വിലയ്ക്ക് നൽകി വരുന്നു.

ട്രോളിംഗ് നിരോധനം

96 [278] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :*

„ *ഇ. എം. അഗസ്തി :*

„ *ജി. പ്രതാപവർമ്മ തമ്പാൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ആരംഭിച്ചത് എന്നുമുതലാണ് ; ട്രോളിംഗ് നിരോധനകാലം എന്നുമുതൽ എന്നുവരെയാണ് ;

(ബി) ട്രോളിംഗ് നിരോധനം ആരംഭിച്ചശേഷം ഇതുവരെ നവംബർ, ഡിസംബർ മാസങ്ങളിലെ മത്സ്യബന്ധനം ശരാശരി എത്ര ടണ്ണാണ് ;

(സി) ട്രോളിംഗ് നിരോധനം ക്രമമായി നടന്നിട്ടും ഇക്കാലത്ത് കൂടുതൽ മത്സ്യം ലഭിക്കാത്തത് എന്തുകൊണ്ടാണ് ; നവംബർ, ഡിസംബർ മാസത്തിന് ശേഷം ബന്ധനം നടത്തുന്ന മത്സ്യത്തിന്റെ തോത് വർദ്ധിക്കുന്നുണ്ടോ ;

(ഡി) നവംബർ, ഡിസംബർ മാസങ്ങളിൽ ട്രോളിംഗ് നിരോധനം ഇല്ലാതിരുന്നിട്ടും പ്രസ്തുത മാസങ്ങൾക്കുശേഷം ബന്ധനം നടത്തുന്ന മത്സ്യത്തിന്റെ തോത് വർദ്ധിക്കുന്നത് എപ്രകാരമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ആരംഭിച്ചത് 1988 മുതലാണ്. ഈ വർഷം ട്രോളിംഗ് നിരോധനകാലം ജൂൺ 15 മുതൽ ജൂലൈ 29 വരെയാണ്.

(ബി) ട്രോളിംഗ് നിരോധനം ആരംഭിച്ചശേഷം കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ കണക്കനുസരിച്ച് നവംബർ, ഡിസംബർ മാസങ്ങളിലെ മത്സ്യബന്ധനം യഥാക്രമം ശരാശരി 60125 ടണ്ണും, 40910 ടണ്ണുമാണ്.

(സി) മത്സ്യബന്ധന ശ്രമശക്തിയുടെ എറ്റക്കുറച്ചിലുകളും, പാരിസ്ഥിതികമായ മാറ്റങ്ങളും, വൈവിധ്യവൽക്കരണങ്ങളും മത്സ്യബന്ധനത്തെ ബാധിച്ചിട്ടുണ്ട്. ട്രോളിംഗ്

LIBRARY ARCHIVES Kerala Legislative Assembly